അക്കൗണ്ടന്റ് ജനറൽ പരിശോധിക്കുകയുണ്ടായി. 2532 കേസ്സുകൾ പരിശോധിച്ചതിൽ 2011 കേസ്സുകളിൽ ശമ്പള പുനർനിർണ്ണയം ചെയ്തതിൽ ക്രമക്കേടുകൾ ഉള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ 2011 കേസ്സുകളിൽ 4.20 കോടിരൂപ അധികം നല്കിയിട്ടുള്ളതായി ആണ് അക്കൗണ്ടന്റ് ജനറൽ പരമാർശിച്ചിട്ടുള്ളത്.

(സി&ഡി) ബോർഡിലെ ഫിക്സേഷൻ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ചില ജീവനക്കാരുടെ ഫിക്സേഷനിൽ അപാകത കണ്ടിരുന്നു. 22-10-1999-ലെ കണക്ക് പ്രകാരം 287 ജീവനക്കാരിൽ നിന്നു 23,16,698 രൂപ ബോർഡ് തിരിച്ചു പിടിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരുടെ ഫിക്സേഷനുകൾ ബോർഡ് പരിശോധിച്ചുവരികയാണ്. അധിക വേതനം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കുവാൻ വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

വോൾട്ടേജ് ക്ഷാമം

98(314) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഇടവണ്ണ, വെള്ളുവപ്രം എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഇടവണ്ണയിൽ 33 കെ.വി. സബ് സ്റ്റേഷൻ പണിയുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. വെള്ളുവപ്രത്തിൽ സ്ഥാപിക്കുന്ന സബ്സ്റ്റേഷന്റെ നിർമ്മാണജോലി സ്ഥലം ലഭ്യമായാൽ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) സ്ഥലം ലഭിച്ചാൽ മൂന്നു മാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കും.

കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ

99(315) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ സംസ്ഥാനത്തെ പൊതുമേഖലാ സംരംഭങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത് കണക്കിലെടുത്ത് സഹകരണപ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly